റോഡുകൾ റബ്ബറൈസ് ചെയ്യുന്നതു സംബന്ധിച്ച നടപടി

*11 [344] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ റബ്ബറൈസ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ ആൻറ് ബി) സംസ്ഥാനത്തെ റോഡുകൾ റബ്ബറൈസ് ചെയ്യുക എന്നതാണ് ഗവൺമെൻറിൻറെ നയം. മുൻഗവൺമെൻറിൻറെ കാലത്ത് തന്നെ ഉത്തരവ് ഇറക്കിയിട്ടുള്ളതുമാണ്. ഇപ്പോൾ കൊച്ചിൻ റിഫൈനറി മാത്രമാണ് റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ ഉത്പ്പാദിപ്പിക്കുന്നത്. അവർ നിർമ്മിക്കുന്ന ഇത്തരം മുഴുവൻ ബിറ്റുമെനും മരാമത്ത് വകുപ്പ് വാങ്ങുകയും ചെയ്യുന്നുണ്ട്. എന്നാൽ വലിയ തോതിലുള്ള ഉത്പാദനം ആരംഭിക്കാത്തതുമൂലം മരാമത്ത് വകുപ്പിന് ആവശ്യമായ ബിറ്റുമെൻ മുഴുവനും ലഭ്യമാകുന്നില്ല.

പ്ലസ്ടു കോഴ്സിന് പ്രവേശനം നൽകുന്നതു സംബന്ധിച്ച ഗൈഡ്ലൈൻ

*12 [345] ശ്രീ. കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ:
,, കെ. സി. ജോസഫ്:
,, കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു കോഴ്സിന് പ്രവേശനം നൽകുന്നത് സംബന്ധിച്ച് ഗവൺമെൻറ് എന്തെങ്കിലും ഗൈഡ്ലൈൻ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എസ്. എസ്. എൽ. സി. യും പ്ലസ്ടുവും ഉള്ള സ്കൂളുകളിൽ അതേ സ്കൂളിൽ നിന്ന് എസ്. എസ്. എൽ. സി. പാസ്സാകുന്നവർക്ക് അഡ്മിഷനിൽ മുൻഗണന ലഭിക്കുവാൻ എന്തെങ്കിലും വ്യവസ്ഥ ഇന്നു നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള വ്യവസ്ഥ ഉണ്ടാക്കുമോ;

(ഡി) കുട്ടികളുടെ എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസുകളിലെ കരിക്കുലർ, എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾ എസ്. എസ്. എൽ. സി. ക്കുള്ള മാർക്ക്, അതേ സ്കൂളിൽ പഠിച്ചു എന്നതിനുള്ള ബോണസ് മാർക്ക്, എസ്. എസ്. എൽ. സി.ക്ക് ലഭിച്ച ഗ്രേഡ് എന്നിവ പരിഗണിച്ച് പ്ലസ്ടു കോഴ്സിന് അഡ്മിഷൻ നൽകുന്നതു സംബന്ധിച്ചുള്ള ഗൈഡ്ലൈൻ ഉണ്ടാക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) എല്ലാ ഘടകങ്ങൾക്കും ബോണസ് മാർക്കിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഗൈഡ്‌ലൈൻ ആണ് പ്രസ്‌വൺ അഡ്മിഷന് ഇപ്പോൾ നിലവിലുള്ളത്.

ഡിസ്സാസ്റ്റർ മാനേജ്മെന്റ് പാഠ്യവിഷയത്തിൽ ഉൾപ്പെടുത്തുവാൻ നടപടി

*13 [346] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് യൂണിവേഴ്സിറ്റി തലങ്ങളിൽ ഡിസ്സാസ്റ്റർ മാനേജ്മെന്റ് പാഠ്യവിഷയത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) അദ്ധ്യാപകർക്ക് ഈ വിഷയത്തിൽ അറിവു പകരുന്നതിന് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(സി) ഡിസ്സാസ്റ്റർ മാനേജ്മെന്റ് സംബന്ധിച്ച ഗവേഷണങ്ങൾക്ക് യൂണിവേഴ്സിറ്റി തലത്തിൽ പുതിയ വിഭാഗവും തസ്തികകളും അനുവദിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) സ്കൂൾ തലത്തിൽ ഡിസ്സാസ്റ്റർ മാനേജ്മെന്റുമായി ബന്ധമുള്ള പ്രവർത്തനങ്ങൾ സാമൂഹ്യ ശാസ്ത്രത്തിൽ ഉൾപ്പെടുർത്തിയിട്ടുണ്ട്. കേരള സർവ്വകലാശാല ജിയോഗ്രാഫിക്കിനും, ഡിസ്സാസ്റ്റർ മാനേജ്മെന്റിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള മാസ്റ്റർ ഓഫ് സോഷ്യൽ വെൽഫെയർ കോഴ്സ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി വഴി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എം. ജി. സർവ്വകലാശാലയുടെ കീഴിൽ സ്വാശ്രയ അടിസ്ഥാനത്തിൽ ഡിസ്സാസ്റ്റർ മാനേജ്മെന്റിൽ എം. എസ്. സി. കോഴ്സ് തുടങ്ങുവാൻ തീരുമാനിച്ചു. കോഴിക്കോട്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകളിൽ സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങൾ പാഠ്യ പദ്ധതിയുടെ ഭാഗമാണ്.

(ബി) സ്കൂൾതല പരിശീലനത്തിൽ ഇത് ഉൾപ്പെടുത്തിയിരുന്നു. സർവ്വകലാശാലാതലത്തിൽ തീരുമാനം എടുത്തിട്ടില്ല.

(സി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly